# കേരള കാർഷിക സർവകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)

ഇ-മെയിൽ :- arsanakkayam@kau.in, ഫോൺ : 0483- 2848050


നം : എ1- 2753/2023 തീയ്യതി : 09.10.2024

## ക്വട്ടേഷൻ നോട്ടീസ്

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന നാളികേരം നിശ്ചിത സമയങ്ങളിൽ വിളവെടുക്കുന്നതിന് പ്രസ്തുത ജോലിയിൽ പ്രാവീണ്യമുള്ള യുവാക്കളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

### നിബന്ധനകൾ

1. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ **23.10.2024** തീയ്യതിയിൽ രാവിലെ 11.30 മണിക്ക് മുമ്പായി "പ്രൊഫസർ & ഹെഡ് കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം "എന്ന വിലാസത്തിൽ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 12.00 മണിക്ക് ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ അംഗീകരിക്കുന്നതുമാണ്.
2. വെള്ളക്കടലാസിൽ പേരും വിലാസവും എഴുതി ഒപ്പിട്ട തയ്യാറാക്കിയ ക്വട്ടേഷനിൽ തെങ്ങൊന്നിന് ലഭിക്കേണ്ട തുകയാണ് രേഖപ്പെടുത്തേണ്ടത്. ക്വട്ടേഷൻ കവറിനു പുറത്ത് 'നാളികേരം വിളവെടുപ്പ നടത്തുന്നതിനുള്ള ക്വട്ടേഷൻ ' എന്ന് രേഖപ്പെടുത്തണം.
3. ക്വട്ടേഷൻ സ്വീകരിക്കപ്പെട്ട വ്യക്തി നാളികേരം വിളവെടുക്കാൻ ആവശ്യമായ യന്ത്രോപകരണങ്ങൾ കൊണ്ടുവരേണ്ടതാണ്.
4. ക്വട്ടേഷൻ സ്വീകരിക്കപ്പെട്ട വ്യക്തിക്ക് ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള തുകയല്ലാതെ മറ്റു യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല. സ്വീകരിക്കപ്പെടുന്ന ക്വട്ടേഷന്റെ കാലാവധി ഒരു വർഷമായിരിക്കും.
5. ഏതെങ്കിലും സാഹചര്യത്തിൽ കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പ് കരാർ അവസാനിപ്പിക്കുകയാണെങ്കിൽ ഒരു മാസം മുമ്പ് നോട്ടീസ് നൽകേണ്ടതാണ്.
6. വിളവെടുപ്പ് സമയങ്ങളിൽ ഫാമിന്റെ വസ്തു വകകൾക്കോ മറ്റോ യാതൊരു വിധ നഷ്ടവും ഉണ്ടാക്കാൻ പാടില്ല. ഇത്തരം കുറ്റങ്ങൾ ശ്രദ്ധയിൽപെട്ടാൽ നഷ്ടപരിഹാരം ഈടാക്കുന്നതാണ്.
7. ക്വട്ടേഷൻ സ്വീകരിക്കപ്പെട്ട വ്യക്തി കേന്ദ്ര മേധാവിയുടെ നിർദേശങ്ങൾ പാലിച്ച് ജോലി ചെയ്യേണ്ടതാണ്. ആവശ്യപ്പെടുകയാണെങ്കിൽ തേങ്ങയുടെ എണ്ണം രേഖപ്പെടുത്താൻ സന്നദ്ധനാവേണ്ടതാണ്.
8. സർക്കാർ ക്വട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷൻ/ലേലത്തിനും ബാധകമാണ്.
9. ക്വട്ടേഷനുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഓഫീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

**(ഒപ്പ്)**

പ്രൊഫസർ & ഹെഡ്

പകർപ്പുകൾ:

നോട്ടീസ് ബോർഡ് /ഫാം സൂപ്രണ്ട്/

ആനക്കയം പഞ്ചായത്ത് ഓഫീസ്/ആനക്കയം വില്ലേജ് ഓഫീസ്

ആനക്കയം കൃഷിഭവൻ/കെഎയു വെബ്സൈറ്റ്